# A T AHAMMED MEMORIAL
# ALPS POOVATTUPARAMBA

# Master Plan 2025-26



# ചരിത്രം

കോഴിക്കോട് ജില്ലയിലെ പൂവാട്ടുപറമ്പ് എന്ന സ്ഥലത്താണ് പൂവാട്ടുപറമ്പ് എൽപി സ്കൂൾ സ്ഥിതിചെയ്യുന്നത് .കോഴിക്കോട് റൂറൽ ഉപജില്ലയിൽ ആണ് ഈ വിദ്യാലയം .

പൂവാട്ടുപറമ്പ് നിവാസികളുടെ ചിരകാല സ്വപ്നം പൂവണിയിച്ചു കൊണ്ട് 1932 ജൂൺ 1 നാണ് ഈ വിദ്യാലയം നിലവിൽ വന്നത് . ആനക്കുഴിക്കര തെക്കു വീട്ടിൽ ശ്രീ. അഹമ്മദ് എ.ടി എന്ന വ്യക്തിയായിരുന്നു ആദ്യ ഉടമസ്ഥൻ. പിന്നീട് ഉടമസ്ഥാവകാശം ശ്രീ.എ ടി ഹമീദിലും, തുടർന്ന് അദ്ദേഹത്തിന്റെ ഭാര്യ വി.എം.മീനത്തിലും വന്നു ചേർന്നു. ആദ്യവർഷം 1 മുതൽ 3 വരെ ക്ലാസ്സുകളിൽ ആയി 80 കുട്ടികൾ വന്നു ചേർന്നു. വിദ്യാഭ്യാസം സാധാരണക്കാരന് അപ്രാപ്യമായിരുന്ന 1930–35 കാലയളവിൽ നിലവിൽ വന്ന ഈ സ്ഥാപനം ഇന്നാട്ടിലെ ആയിരക്കണക്കിനാളുകളുടെ “പ്രാഥമിക വിദ്യാഭ്യാസം” നേടുക എന്ന ആഗ്രഹം പൂർത്തീകരണത്തിന് ഉണർവ്വേകി.

ഈ വിദ്യാലയത്തിലെ പ്രഥമ പ്രധാനാധ്യാപകൻ ശ്രീ .പി.കെ രാമൻനായരാണ് ,ആദ്യ വർഷം പ്രേവേശനം നേടിയ 80 വിദ്യാർത്ഥികളിൽ 60ഉം ആൺകുട്ടികളായിരുന്നു.പിന്നീട് പെൺകുട്ടികളുടെ എണ്ണം വർധിച്ചു വന്നു .3 അധ്യാപകരും 80 വിദ്യാർത്ഥികളുമായി ആരംഭിച്ച ഈ വിദ്യാലയം 1985–95 കാലയളവിൽ 14 അധ്യാപകരും 375 വിദ്യാർത്ഥികളും എന്ന നിലയിലേക്കുയർന്നു .ഇന്ന് ഈ വിദ്യാലയത്തിൽ 194 കുട്ടികളും 8 അധ്യാപകരും ഉണ്ട്.

2023–24 വർഷത്തെ കോഴിക്കോട് റൂറൽ ഉപജില്ലാ കലോത്സവം LP വിഭാഗം അറബിക് സാഹിത്യോത്സവത്തിൽ 43 പോയിന്റ് നേടി ഓവറോൾ രണ്ടാം സ്ഥാനവും, LP വിഭാഗം ജനറൽ വിഭാഗത്തിൽ 53 പോയിന്റ് നേടി ഏഴാം സ്ഥാനവും പൂവാട്ടുപറമ്പ സ്കൂൾ കരസ്ഥമാക്കിയിരിക്കുന്നു.

റൂറൽ ഉപജില്ല ശാസ്ത്രോത്സവം ശാസ്ത്രമേളയിൽ ഓവറോൾ മൂന്നാം സ്ഥാനം നേടി.

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-26

# ഒന്നാം ക്ലാസ്



# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഒന്നാം ക്ലാസ്സ്

മലയാളം

## ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത് വായന വിവിധ വ്യവഹാര രൂപങ്ങൾ സ്വതന്ത്രമായ പ്രതികരണങ്ങൾ ശില്പശാല സംയുക്ത ഡയറി സചിത്ര പുസ്തകം സ്വതന്ത്ര രചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടത് ആയിട്ടുണ്ട്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. അക്കാദമിക മാസ്റ്റർ പ്ലാൻ വഴി ഭാഷയിലെ വിവിധതരം പ്രവർത്തനങ്ങൾ കുട്ടി സ്വയം സ്വായത്തമാക്കണം എന്നത് മുൻകൂട്ടി ഓരോ മാസവും വിവിധ പ്രവർത്തനഘട്ടത്തിലൂടെ കുട്ടിയും സുരക്ഷിതാവും അധ്യാപികയും ഇറങ്ങിച്ചെല്ലുന്നു. സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഈ അധ്യയന വർഷത്തിൽ കുട്ടി രക്ഷിതാവ് അധ്യാപകർ മറ്റ് സഹായികൾ ഉൾപ്പെട്ടുകൊണ്ട് ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർ പ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികൾ വിലയിരുത്തലിന് സാധ്യത ഒരുക്കി കൊണ്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

## ലക്ഷ്യങ്ങൾ

- ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ / കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ, അവ നവമാധ്യമങ്ങളിൽ പങ്കിടൽ.
- ലളിതമായ വായന കാർഡുകൾ നിർമ്മിക്കുന്നു, വായിക്കുന്നു.
- കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശില്പശാലകൾ നടത്തുന്നു.
- തീയറ്റർ സാധ്യതകൾ വായന കേളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കുന്നു.
- ലിപികൾ തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘു കവിതകൾ, ചെറുകഥകൾ എഴുതുന്നു, വായിക്കുന്നു.
- കുട്ടികൾ തങ്ങളുടെ ആശയങ്ങൾ പങ്കിട്ട് ചെറുകഥാ പുസ്തകം രൂപപ്പെടുത്തുന്നു.
- പ്രവർത്തന ലക്ഷ്യങ്ങൾ
- ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.
- സർഗ്ഗശേഷികൾ കൈവരിക്കുന്നു.
- പശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യതകൾ ഒരുക്കുന്നു.
- പാട്ടരങ്ങ്, റീഡേഴ്സ് തിയേറ്റർ എന്നിവയിൽ ഏർപ്പെടുന്നു.
- കുഞ്ഞു ചിത്ര കഥാ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു..
- സ്വന്തമായി എഴുതാനും വായിക്കാനും, വിവിധ രചനകളിൽ ഏർപ്പെടാനും ശേഷിയുള്ളവരായി തീരുന്നു.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ നിർമ്മാണ ശിൽപശാലയിൽ ഏർപ്പെട്ടുകൊണ്ട് സചിത്രപുസ്തകം തയ്യാറാക്കുന്നു.
- രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.

## ജൂൺ

### പ്രവർത്തനങ്ങൾ

- സചിത്ര നോട്ട്ബുക്ക്, സചിത്ര ആസൂത്രണം, അക്കാദമിക മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കൽ.
- സചിത്രഡയറി, സംയുക്തഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.

- അക്കാദമി മാസ്റ്റർ പ്ലാൻ അവതരണം
- ചിത്ര കാർഡുകൾ, വായന കാർഡുകൾ നിർമ്മാണ ശില്പശാല.
- താളാത്മകമായി ചെറു കവിതകൾ ചൊല്ലൽ.

ജൂലൈ

പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി എഴുതാൻ സഹായം ഒരുക്കൽ.
- കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ.
- വായന മൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ.
- രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നു.
- പുസ്തകങ്ങൾ തൊട്ടറിയാനും നിരന്തരം എടുത്തു നോക്കാനും അവസരം ഒരുക്കുന്നു.
- ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു.
- അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു.
- ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു. വാചികമായി പറയാനും അവസരം നൽകുന്നു.

ഓഗസ്റ്റ്

പ്രവർത്തനങ്ങൾ

- റീഡേഴ്സ് തിയേറ്റർ, നിർമ്മാണ ശില്പശാല, പാട്ടരങ്ങ്, മലയാളം മധുരം പ്രവർത്തനങ്ങൾ.
- ഭാഷാ വികസനത്തിന് അവസരം ഒരുക്കുന്നു.
- സംയുക്ത ഡയറി എഴുത്ത് തുടരുന്നു.
- പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു.
- ഭാഷ ശേഷി വർദ്ധിപ്പിക്കുന്നതിനായി അക്ഷരപ്പാട്ടുകൾ ചിത്ര വായന കാർഡുകൾ
- എന്നിവ തയ്യാറാക്കുന്നു അവതരിപ്പിക്കുന്നു.
- രചനോത്സവത്തിൽ കുട്ടികൾ സ്വാതന്ത്ര്യ രചനകൾ നടത്താൻ കൈത്താങ്ങ് നൽകുന്നു.
- ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.
- ആശയ ഗ്രഹണത്തിലൂടെ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടുന്നു.

സെപ്റ്റംബർ

പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി മെച്ചപ്പെടുത്താൻ അവസരം ഒരുക്കുന്നു.
- സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു.
- ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.
- അനുഭവവാധിഷ്ഠിതമായ ഭാഷാപഠനം സ്വായത്തമാക്കാൻ അവസരം ഒരുക്കുന്നു.
- വ്യക്തിഗതമായ രചനകൾക്ക് അവസരം ഒരുക്കുന്നു.
- കുട്ടികളെ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറ്റുന്നു.

ഒക്ടോബർ

പ്രവർത്തനങ്ങൾ

- വായനോത്സവം സംഘടിപ്പിക്കുന്നു.
- ആസ്വാദ്യകരമായ വായന നടത്തുന്നു.
- ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.
- രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പ്രദർശിപ്പിക്കുന്നു.

- ഭാഷ പ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നു.
- കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും അവതരിപ്പി ക്കുകയും ചെയ്യുന്നു.
- ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടത്തുന്നു.

നവംബർ

പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി എഴുത്ത് കൂടുതൽ മെച്ചപ്പെടുത്തി സ്വതന്ത്ര രചയിതാക്കൾ ആകുന്നു.
- കൂട്ട വായന, നാട്ടുവായന, വീട്ടു വായന, ചിത്ര വായന ഇവയെ പ്രോത്സാഹിപ്പിക്കൽ.
- വായനോത്സവം തുടങ്ങുന്നു
- രചനോത്സവം തുടങ്ങുന്നു
- പത്രവായനയ്ക്ക് അവസരം ഒരുക്കൽ.
- താളാത്മകമായി കവിതകൾ ചൊല്ലൽ.

പ്രവർത്തനങ്ങൾ

- സംയുക്ത ഡയറിയിൽ കുട്ടി എഴുത്ത് കൂടുതലാക്കുന്നു.
- ചിത്ര വായന നടത്തുന്നു.
- ചെറിയ വായന കാർഡുകൾ ബാലസാഹിത്യകൃതികൾ എന്നിവ ഉപയോഗിച്ച് പരസ്പരം സഹായിച്ച് കൂട്ട വായന നടത്തുന്നു
- ചെറുകഥകൾ പങ്കിട്ട് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
- നവമാധ്യമങ്ങളിലൂടെ ചിത്രങ്ങൾ പങ്കിട്ട് ചിത്രത്തിന് ചേർന്ന കഥകൾ എഴുതിക്കുന്നു. ചിത്രം വരയ്ക്കുന്നു.
- ദൈനംദിന അനുഭവങ്ങൾ വാർത്ത രൂപത്തിൽ തലക്കെട്ട് എഴുതുന്നു.
- ക്ലാസ് പത്രം രൂപപ്പെടുത്തുന്നു.

ഡിസംബർ

പ്രവർത്തനങ്ങൾ

- ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കും
- രചന ശേഷി പരിപോഷിപ്പിക്കൽ.
- ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നു.
- രണ്ടോ മൂന്നോ പേരടങ്ങുന്ന ചെറു ഗ്രൂപ്പുകളായി തിരിഞ്ഞ് പരസ്പര സഹായിച്ച് കൂട്ടെഴുത്ത് നടത്തുന്നു.
- ലഘു കവിതകൾ കഥകൾ എന്നിവ എഴുതാൻ ശ്രമിക്കുന്നു.
- കണ്ടതും കേട്ടതും ആയ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ പറയാനും എഴുതാനും കഴിയുന്നു.
- സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയപൂർണ്ണതയോടെ എഴുതാൻ കഴിവ് നേടി രചന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- പരസ്പരം പിന്തുണ ഉറപ്പിച്ച് കൂട്ടെഴുത്ത് പരിപോഷിപ്പിക്കുന്നു.
- സംയുക്ത ഡയറി കൂടുതൽ മെച്ചപ്പെടുത്തുന്നു.

ജനുവരി

പ്രവർത്തനങ്ങൾ

- കുട്ടികളെ എഴുത്തിന്റെ ലോകത്തിലേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശിൽപ്പശാലകൾ നടത്തുന്നു.
- തീയറ്റർ സാധ്യതകൾ വായന കേളികൾ എന്നിവ ഉപയോഗിച്ച് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
- കുട്ടികൾ എഴുതിയ ചെറുകവിതകൾ കഥകൾ എന്നിവയുടെ പ്രകാശനം.
- സംയുക്ത ഡയറിയിലെ ഓരോ കുട്ടിയുടെയും മികച്ച രചനകൾ ഡിജിറ്റൽ പോർട്ട്ഫോളിയോയിൽ സൂക്ഷിക്കുന്നു..
- കുട്ടികളുടെ സർഗ്ഗശേഷികൾ സമൂഹത്തിനുമുമ്പിൽ അവതരിപ്പിക്കുന്നു.
- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
- കുട്ടികളുടെ സ്വതന്ത്ര രചനകൾ ചേർത്ത് കണ്ടെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.
- മികവുകൾ സമൂഹത്തിനുമുമ്പിൽ പ്രകടിപ്പിക്കുന്നു.

ഫെബ്രുവരി

പ്രവർത്തനങ്ങൾ

- ഭാഷോത്സവം രചനോത്സവം എന്നീ ഭാഷാപ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തിൽ നടപ്പിലാക്കുന്നു.
- കുട്ടികളുടെ രചനകൾ മാഗസിൻ ആക്കുന്നു.
- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും അവ സരം ഒരുക്കുന്നു.
- ആശയ പൂർണ്ണതയോടെ തൽസമയ രചനകൾ നടത്തുന്നു.
- ഭാഷോത്സവത്തിൽ ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നു.
- സ്വന്തമായി രചനകൾ നടത്തി കണ്ടെടുത്ത പുസ്തകങ്ങൾ രൂപപ്പെടുത്തുന്നു.
- ആശയ പൂർണ്ണതയോടെ തൽസമയ രചനകൾ നടത്തുന്നു.
- കുട്ടികളുടെ മികവുകൾ സമൂഹത്തിനും മുന്നിൽ പ്രകടിപ്പിക്കുന്നു.

മാർച്ച്

പ്രവർത്തനങ്ങൾ

- കുട്ടികൾ തയ്യാറാക്കിയ കഥകൾ കവിതകൾ പുസ്തകരൂപത്തിൽ ആക്കി പ്രകാശനം ചെയ്യുന്നു.
- വീട്ടുവായന,കൂട്ടുവായന, നാട്ടുവായന, അമ്മ വായന, ചങ്ങല വായന,സ്വന്ത വായന ഇവയ്ക്ക് പ്രോത്സാഹനം ഒരുക്കുന്നു.
- ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ.

വിലയിരുത്തൽ പ്രവർത്തനങ്ങൾ.

- കുട്ടികൾ സ്വതന്ത്ര രചയിതാക്കളായി മാറിയിട്ടുണ്ട്.
- കുട്ടികളുടെ മികച്ച സ്വതന്ത്ര്യ രചനകളെ വായനക്കാർഡുകളായി മാറ്റിയിട്ടുണ്ട്.
- രചനോത്സവം ഭാഷാപ്രവർത്തനങ്ങളുമായി ഉറപ്പിച്ചിട്ടുണ്ട്
- കുട്ടികളുടെ രചനകൾ ചേർത്ത് കണ്ടെടുത്ത പുസ്തകം തയ്യാറാക്കുന്നു.
- മികവുകൾ സമൂഹത്തിന് മുന്നിൽ എത്തിക്കുന്നു.
- സംയുക്ത ഡയറി വഴി മികച്ച നേട്ടം കൈവരിക്കുന്നു.
- സചിത്രപാഠം പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ നടപ്പിലാക്കുന്നു.
- സർഗാത്മകശേഷി വികസനത്തിനുള്ള കഴിവുകൾ, സാധ്യതകൾ ഉറപ്പാക്കുന്നു.
- ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടുത്സവത്തിലെ മികവുകൾ അവതരിപ്പിക്കുന്നു.
- എല്ലാ കുട്ടികളെയും സചിത്ര പാഠപുസ്തകത്തിൽ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്.

# Academic master plan

## STD 1

## English

The goal for the first grader is to handle English fluently. The first grader must go from small words to big words. They must be able to read, write and speak English. Every child should be able to speak English fluently, like Malayalam. We have to keep the language English close to our heart.

The academic master plan is designed to ensure that not a single child goes illiterate.

Objectives and learning outcomes.

- Respond to simple instructions in the classroom.
- Describe orally about the pictures and objects.
- Familiarise with simple words.
- Enjoy songs and sings them with Rhythm and action.
- Familiarise the names of birds, animals, their young ones and identifies them from pictures.

June

- Introduce symbol words.
- Provides picture cards.

July

- Identify familiar words.
- Say familiar words.
- Read familiar words.
- Write familiar words.

August

- Enjoy songs and sings them with Rhythm and action.
- Describes orally about pictures and objects using adjectives.

September

- Read and write simple words and Simple sentences
- Provides picture cards and reading cards.

October

- Introduce symbol picture descriptions.
- Make word chain, sentence chain.
- Make riddles.
- Describing words, rhyming words.
- Text book activities.

November

- Prepare reading cards.
- Provide more opportunities to read, right and speak English.
- Writes five English words daily.

December

- Read and understand simple instructions in the classroom.
- Encourage digital reading.

January.

- Enjoy songs and sings them with Rhythm and action.
- Make picture albums.
- Collect pictures of animals and its young ones.

February

- provide the opportunity to express myself in the classroom.
- English assembly once in a  week.

March

- Speaks English fluently.
- Read and write  simple sentences
- Picture reading and picture description.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് 1

### ഗണിതം

ഗണിതം ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. ഭാഷയിലും ശാസ്ത്രത്തിലും മറ്റ് ഇതര പ്രവർത്തനങ്ങളിലും അവബോധം നേടിയെടുക്കുമ്പോൾ ഗണിതം പിന്തള്ളി പോകാതെ മുഖ്യാധാരയിൽ എത്തിക്കുന്നതിന് ശ്രമിക്കേണ്ടതാണ്. ഇതിനായി ഒന്നാം ക്ലാസിൽ നിന്ന് തന്നെ ലളിത പ്രവർത്തനങ്ങൾ രസകരമാക്കാവുന്നതാണ്. പാട്ടുകളിലൂടെയും കളികളിലൂടെയും ഗണിതം ആസ്വാദ്യകരമാക്കാവുന്നതാണ്.

ലക്ഷ്യങ്ങൾ

- ഒന്നു മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ എണ്ണുന്നു എഴുതുന്നു.
- അഞ്ചു വരെയുള്ള എണ്ണത്തെ പകുതി തുല്യം കൂടുതൽ കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
- അഞ്ചുവരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.
- ഒരക്ക സംഖ്യകൾ എണ്ണി എടുക്കുന്നു, എഴുതുന്നു, വായിക്കുന്നു.
- ഒമ്പതിൽ താഴെ വരെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു.
- സംഖ്യകളെ ആരോഹണ- അവരോഹണ ക്രമത്തിൽ ആകുന്നു.
- രണ്ട് ഒരൊക്ക സംഖ്യകളുടെ സങ്കലനം.
- രണ്ട് ഉറക്ക സംഖ്യകളുടെ വ്യവകലനം.
- ഒരക്ക സംഖ്യകളുടെ വ്യാഖ്യാനം.
- ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും വായിക്കുകയും ചെയ്യുന്നു.
- ഒരക്ക സംഖ്യപാറ്റേൺ രൂപീകരിക്കൽ.
- ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു.

ജൂൺ
- സംഖ്യകൾ തിരിച്ചറിയുന്നു, പറയുന്നു.
- സംഖ്യാ കാർഡ് നിർമ്മിക്കൽ.

ജൂലൈ
- ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതക്കിറ്റ് തയ്യാറാക്കുന്നു.
- സംഖ്യാ കാർഡ് തയ്യാറാക്കുന്നു.

ഓഗസ്റ്റ്
- ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.
- കൂടുതൽ, കുറവ് തിരിച്ചറിയുന്നു.
- ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

സെപ്റ്റംബർ
- സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ.
- ഒരക്ക സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്തൽ.
- ഒരക്ക സംഖ്യകൾ തമ്മിൽ വ്യവകലനക്രിയകൾ നടത്തൽ.
- ഒന്നിനോടൊന്നു കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്.
- സംഖ്യാ ഗാനങ്ങൾ ആലപിക്കൽ.

ഒക്ടോബർ
- ഒറ്റ സംഖ്യ, ഇരട്ടസംഖ്യ തിരിച്ചറിയൽ.
- ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റസംഖ്യ, ഇരട്ടസംഖ്യ എന്ന് തിരിച്ചറിവ്.
- വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ.
- ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ.

നവംബർ

- സംഖ്യാ ഗാനങ്ങൾ പാടുന്നു, ശേഖരിക്കുന്നു
- ഒരക്ക സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

ഡിസംബർ

- സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതാൻ
- ഗണിത ആൽബം തയ്യാറാക്കൽ

ജനവരി

- ഒരക്ക സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- സങ്കലനം, വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിയുന്നു.
- ഒന്നു മുതൽ 10 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.

ഫെബ്രുവരി

- ഗണിത ആൽബം പിടിഎയിൽ പ്രദർശിപ്പിക്കുന്നു.
- വില വിവരപ്പട്ടിക, പ്രശ്ന വിശകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

മാർച്ച്.

- ഗണിതാശയവുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ കമ്പ്ലീറ്റ് ചെയ്യുന്നു.
- ലളിതമായ ഗണിതക്രിയകളിൽ ഏർപ്പെടുന്നു.
- ഉല്ലാസഗണിതം പ്രവർത്തനങ്ങൾ.
- സംഖ്യകളുടെ പകുതി തുല്യം എന്നിവ തിരിച്ചറിയുന്നു.

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-26

# രണ്ടാം ക്ലാസ്



# STD 2

# അക്കാദമിക മാസ്റ്റർ പ്ലാൻ മലയാളം

പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളിൽ ഭാഷാ വികാസം, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല എന്നീ മേഖലയിൽ കുട്ടിയുടെ ശേഷി പരിഗണിച്ചാണ് ക്ലാസ്തല 'മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകി കൊണ്ട് ഓരോ കുട്ടിയുടേയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാ വിഷയത്തിലും നൈപുണി നേടി ഒരു നല്ല വിദ്യാഭ്യാസത്തിന്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം. അതാണ് ലക്ഷ്യം.

പ്രവർത്തന ലക്ഷ്യങ്ങൾ

രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.

ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന

ഉറപ്പാക്കുക.

ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാത്ത ക്ലാസ്നിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.

വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.

ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘു വിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.

ആശയം, ഈണം താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു. (കവിതാ പൂരണം).

മുന്നൊരുക്കം

പ്രീടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിൽ ഉള്ള കുട്ടികളെയും കണ്ടെത്തുന്നു.

കുട്ടിയുടെ നിലവിലുള്ള അവസ്ഥ , കഴിവുകൾ, പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ മാസവും പിന്തുണകുട്ടിക്ക് ലഭ്യമാക്കുന്നതിനുള്ള അവസരമുണ്ടാക്കുന്നു.

പ്രവർത്തന ലക്ഷ്യം

രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

ജൂൺ

ചിത്രക്കാർഡുകൾ നൽകൽ ച്രിത്രവും പദവും ഉൾക്കൊണ്ട്)

ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ

. വായനാ സാമഗ്രികൾ നിർമിക്കൽ

വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ

ജൂലൈ

ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു.

ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു.

സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു.

ആഗസ്റ്റ്

ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ

രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ

വീട്ടു ലൈബ്രറി ഒരുക്കൽ

ചിത്ര വിവരണം

വായന തലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാരരൂപങ്ങൾ ഉണ്ടാക്കുന്നു.

സെപ്റ്റംബർ

വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ

വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ

വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ

വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്ക്കാരം ചെയ്യൽ

ഒക്ടോബർ

കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ

എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ

വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ടുന്ന മുൻഗണന നൽകുന്നു

ഉദാ:- ആന

വലിയ ആന

കറുത്ത വലിയ ആന

നവംബർ

കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു.

ഡിസംബർ

ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.

ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗതമാഗസിനുകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു.

ജനുവരി

വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ ക്രവിതാ പൂരണം)

ലഘു വിവരണങ്ങൾ, പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ

ഫെബ്രുവരി

എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പ് വരുത്തൽ ഭ്രാഷണം, ലേഖനം, എഴുത്ത് )

കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ.

മാർച്ച്

വ്യക്തിഗതരചനയെ പ്രോത്സാഹിപ്പിക്കൽ.

ഇൻലന്റ് മാഗസിൻഓരോ കുട്ടിയും തയ്യാറാക്കൽ

ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ, കൈയ്യെഴുത്ത് മാസിക, മാഗസിനുകൾ തയ്യാറാക്കൽ.

വീട്ടുവായന , കൂട്ടു വായന, നാട്ടു വായന, അമ്മ വായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ.

ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി ശക്തമാക്കൽ

STD 2

## അക്കാദമിക മാസ്റ്റർ പ്ലാൻ ഗണിതം

### ആമുഖം

ഗണിത പഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യണം എന്നത് മുന്നിൽ കണ്ടുകൊണ്ട് തന്നെയാണ് " ഉല്ലാസ ഗണിതം" പദ്ധതിയും മുന്നോട്ടു വന്നത്. ഓരോ പഠന നേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗ്ഗ സഹായിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഗണിത പ്രവർത്തനത്തിലും തത്പരമായി നേടിയെടുക്കേണ്ടവ നേടിയെടുക്കുക .തന്നെയാണ് ലക്ഷ്യം മുന്നോട്ട് വയ്ക്കുന്നത്.

### പ്രവർത്തന ലക്ഷ്യങ്ങൾ

രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും, സങ്കലനം,വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ.

സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന്.

ഗണിത ക്കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ

ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു ,എഴുതുന്നു. (100 ൽ താഴെ)

ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ ആകും എന്ന

മേഖലയിൽ എത്തിച്ചേരൽ

പ്രായോഗികഗണിതപ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോഗപ്പെടുത്തൽ

മുന്നൊരുക്കം

ഗണിതാശയങ്ങളിൽ കുട്ടി കൈവരിച്ചവ തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.

പ്രവർത്തന ലക്ഷ്യം

പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ

ജൂൺ

1, 2, 3, 4 ......

1,3,5,7....

10,20,30,40,....

5,10,15,20....

2,4,6,8.... തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ

ഒരു സംഖ്യയോട് കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും ,1 കുറച്ചാൽ തൊട്ട് മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ്

ഉണ്ടാക്കൽ .

ജൂലൈ

ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ.

ഗണിത കിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ

പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ

(5+5 = 10, 10+10= 20)

ആഗസ്റ്റ്

വിവിധ പാറ്റേണുകൾ രൂപീകരിക്കൽ

സംഖ്യകളുടെ പ്രതേകതകൾ കണ്ടെത്തൽ

99 നോട് 1 കൂട്ടിയാൽ 100

10 പത്തുകൾ ചേർന്നാൽ 100 ആകും

100 ഒന്നുകൾ ചേർന്നതാണ് 100

ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതാശയ തലങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ

കണ്ടെത്തൽ

സെപ്റ്റംബർ

ഗണിത ക്കിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ

വിലവിവരപട്ടിക തയ്യാറാക്കൽ

ക്ലാസിലൊരുകട സ്കൂളിലൊരു കട.ഗണിതാശയങ്ങൾ പ്രായോഗികരീതിയിലൂടെ

ഉറപ്പിക്കുന്നു.

ഒക്ടോബർ

രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗികപ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു

സങ്കലന വ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ

സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ (പാറ്റേണിലെ സംഖ്യകൾക്ക് തമ്മിൽ നിശ്ചിത ബന്ധമുണ്ടെന്ന് കണ്ടെത്തൽ, പ്രായോഗിക പ്രശ്നം ഉറപ്പിക്കൽ)

5...10.... 15.... 20... 25

(5 വീതം കൂട്ടിയാൽ പ്രശ്ന വിശകലനം ചെയ്യാം)

നവംബർ

സ്ഥാന വില തിരിച്ചറിയൽ (ഒന്ന്, പത്ത്)

പ്രായോഗിക പ്രശ്നപരിഹാരത്തിനായ് കളിനോട്ടുകൾ പേപ്പർ മുഖേന വെട്ടി തയ്യാറാക്കി സംഖ്യ എഴുതൽ

"ക്ലാസിനൊരു " കളിയിലൂടെ പ്രശ്നം നിർധാരണം ചെയ്യൽ

നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ, കൂട്ടി ചേർത്ത് സംഖ്യരൂപീകരിക്കൽ

10 രൂപ +5 രൂപ = 15 രൂപ

നോട്ട് നാണയം

ഡിസംബർ

സംഖ്യാബോധം തിരിച്ചറിവിൽ- സംഖ്യാ വ്യാഖ്യാനം ഉറപ്പാക്കൽ.

സ്ഥാന വില പ്രശ്നം പരിഹരിക്കുന്നതിനായി (സ്ഥാനവില പോക്കറ്റ്, അബാക്കസ് നിർമിക്കൽ)

രണ്ടക്കസംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു.

ജനുവരി

വിലവിവരപ്പട്ടിക തയ്യാറാക്കൽ. വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ, പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ

പ്രശ്നം നിർധാരണം ചെയ്ത് തുക കണ്ടെത്തൽ രീതികൾ

സങ്കലനവ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ

ഫെബ്രുവരി

ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതാലാപനം നടത്തൽ

ഉല്ലാസ ഗണിതം materials ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ. ഗണിത പഠനം കളിരീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ

മാർച്ച്

കലണ്ടർ പതിപ്പ് തയ്യാറാക്കൽ

കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിവ്. മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ

കലണ്ടർ സംഖ്യാ ബന്ധങ്ങൾ പാറ്റേണുകൾ രൂപീകരിക്കൽ

കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ.

**STD 2**

**Academic master plan**

**English**

**Aim . : To speak, Read, & write English without any mistakes**

**Time - June ,July, August**

**June**

**Pretest**

**To develop listening skills & reading skills first**

**Listening skills**

**Games, Action songs Hello English activities,2 conversations, skit stories**

**Use ICT**

**Speaking skills**

**Descriptions, growing sentences , picture reading, picture description self introduction Assembly activities- speech , book review, quiz riddles,self introduction. School radio etc**

**July & August**

**Reading skills**

**News paper reading, library books reading, book review, reading breaking news, find words. collect and read past**

**tense,rhyming words, describing words etc Textbook activities**

**Writing skills**

**Make word web, picture description, word chain sentence chain, make words,& sentences make riddles, conversations, Add more lines , develop story, description , notice proclamation, diary letter Announcement, magazines**

# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025-26
# മൂന്നാം ക്ലാസ്



# മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **വായന**<br>മലയാളം തെറ്റുകൂടാതെയും അക്ഷരസ്ഫുടതയോടെയും അനായാസമായി വായിക്കുവാൻ | പ്രീ ടെസ്റ്റ് | ജൂൺ | അധ്യാപകൻ | പി ടി എ |
| | ക്ലാസ് ലൈബ്രറി വികസനം | അധ്യയന വർഷം മുഴുവൻ | സി പി ടി എ | സി പി ടി എ |
| | ക്ലാസ് ലൈബ്രറി ആകർഷകമാക്കൽ | ജൂൺ | അധ്യാപകൻ | അധ്യാപകൻ |
| | അമ്മ വായന<br>അമ്മമാരുടെ വായനാകുറിപ്പുകൾ സി പി ടി എ കളിൽ അവതരിപ്പിക്കുന്നു | അധ്യയന വർഷം മുഴുവൻ | സി പി ടി എ | ഇല്ല |
| | വായനാകാർഡുകൾ തയ്യാറാക്കൽ | ജൂൺ - ജൂലൈ | അധ്യാപകൻ | സി പി ടി എ |
| **ലേഖനം**<br>വിവിധ വ്യവഹാര രൂപങ്ങൾ ആസ്വദിക്കാനും എഴുതുവാനും ഉള്ള ശേഷി വികസിപ്പിക്കുക<br>- അക്ഷരം തെറ്റു കൂടാതെ എഴുതുവാനുള്ള ശേഷി കൈവരിക്കൽ, വിവിധ ഭാഷാവ്യവഹാരങ്ങൾ രചന നടത്തുവാനുള്ള ശേഷി കൈവരിക്കൽ | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വിവിധ വ്യവഹാര രൂപങ്ങളിൽ രചനകൾ നടത്തുക<br>ജൂൺ 5 പരിസ്ഥിതി ദിനം പോസ്റ്റർ<br>ജൂൺ 19 വായനാദിനം വായനാവാരം<br>ആഗസ്റ്റ് 6 ഹിരോഷിമ ദിനം പോസ്റ്റർ<br>ആഗസ്റ്റ് 9 നാഗസാക്കി ദിനം | ജൂൺ<br>ജൂൺ<br>ആഗസ്റ്റ് | അധ്യാപകൻ | സി പി ടി എ |

| | | | | |
|---|---|---|---|---|
| | പോസ്റ്റർ<br><br>ആഗസ്റ്റ് 15 സ്വാതന്ത്ര്യദിനം<br><br>സെപ്റ്റംബർ 5 അധ്യാപക ദിനം പഴയകാല അധ്യാപകരുമായി അഭിമുഖം<br><br>ഒക്ടോബർ 2 ഗാന്ധിജയന്തി കുറിപ്പ് തയ്യാറാക്കൽ<br>ഒക്ടോബർ 10 ദേശീയ തപാൽ ദിനം കൂട്ടുകാരനൊരു കത്ത്<br>നവംബർ 1 കേരളപ്പിറവി പ്രസംഗം<br>നവംബർ 14 ശിശുദിനം | ആഗസ്റ്റ്<br><br>സെപ്റ്റംബർ<br><br>ഒക്ടോബർ<br><br>ഒക്ടോബർ<br><br>നവംബർ | | |
| സർഗാത്മക പ്രകടനം | കുട്ടികൾ തയ്യാറാക്കിയ വിവിധ വ്യവഹാര രൂപങ്ങൾ അവതരിപ്പിക്കൽ<br>വേദി - സി പി ടി എ | അധ്യയന വർഷം മുഴുവൻ | സി പി ടി എ | ഇല്ല |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചതുരം ,വൃത്തം ത്രികോണം എന്നീ രൂപങ്ങളെക്കുറിച്ചുള്ള ധാരണ നൽകുന്നു | പ്രീ ടെസ്റ്റ് | ജൂൺ | അധ്യാപകൻ | പി ടി എ |
| | ഈർക്കിലുകൾ, കമ്പുകൾ, വള എന്നിവ ഉപയോഗിച്ച് ചതുരം,ത്രികോണം ,വൃത്തം എന്നിവ നിർമിക്കുന്നു. | ജൂൺ, ജൂലൈ | അധ്യാപകൻ, സി പി ടി എ | ഇല്ല |
| 999 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു. | സംഖ്യാപാറ്റേണുകൾ | ആഗസ്റ്റ് | അധ്യാപകൻ | ഇല്ല |
| | • നാണയങ്ങൾ, കളിനോട്ടുകൾ<br>• പാറ്റേണുകൾ (ഗണിത ക്ലബ്ബ് ) | ആഗസ്റ്റ് | അധ്യാപകൻ, കുട്ടികൾ | സി പി ടി എ |
| എല്ലാ കുട്ടികളിലും സംഖ്യാബോധം ഉണ്ടാക്കുക | വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ഉറപ്പിക്കൽ | സെപ്റ്റംബർ | അധ്യാപകൻ, കുട്ടികൾ | ഇല്ല |
| സങ്കലന- വ്യവകലന ക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക | • *മനഃ കണക്കുകൾ*<br>• *നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ* | ഒക്ടോബർ - നവംബർ | അധ്യാപകൻ, കുട്ടികൾ | ഇല്ല |
| ഗുണനന വസ്തുതകൾ നേടൽ | • *മനഃ കണക്കുകൾ*<br>• *മഞ്ചാടിക്കളി* | ഡിസംബർ - ജനുവരി | അധ്യാപകൻ, കുട്ടികൾ, സി പി ടി എ | ഇല്ല |
| ഹരണക്രിയയുമായി ബന്ധപ്പെട്ട ശേഷികൾ നേടൽ | • *നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ*<br>• *ഐ സി ടി വിഭവങ്ങൾ ഉപയോഗിച്ച്* | ഫെബ്രുവരി - മാർച്ച് | അധ്യാപകൻ, കുട്ടികൾ | ഇല്ല |

# പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നമ്മുടെ ചുറ്റുപാടിനെ കുറിച്ച് കുട്ടികളിൽ നല്ല ബോധം ഉണ്ടാക്കുക, ജൈവ വൈവിധ്യ ഉദ്യാന സംരക്ഷണം | സസ്യങ്ങളെ തരംതിരിക്കൽ<br>പ്രകൃതി നടത്തം - (പാടം, വിദ്യാലയത്തിലെ ജൈവ വൈവിധ്യ ഉദ്യാനം ) | ജൂൺ, ജൂലൈ | അധ്യാപകൻ | ഇല്ല |
| പ്രകൃതി സംരക്ഷണം | • മണ്ണ് ,ജലം , വായു എന്നിവ സംരക്ഷിക്കുന്നതിനാവശ്യമായ പോസ്റ്ററുകൾ സ്ഥാപിക്കുക<br>• മഴക്കുഴി നിർമാണം<br>• വിദ്യാലയത്തിലെ പ്ലാസ്റ്റിക് ശേഖരിച്ച് ഹരിതകർമസേനക്ക് കൈമാറൽ | ആഗസ്റ്റ് - സെപ്റ്റംബർ | • അധ്യാപകൻ<br>• പി ടി എ<br>• ഹരിതകർമസേന - പി ടി എ | • പി ടി എ |
| വ്യക്തി ശുചിത്വം | • കൈ കഴുകൽ - പരിശീലനം<br>• പോസ്റ്റർ നിർമാണം ശുചിത്വ സന്ദേശങ്ങൾ വിദ്യാലയത്തിലെ വിവിധ ഇടങ്ങളിൽ പതിക്കൽ | സെപ്റ്റംബർ- ഒക്ടോബർ | ജെ ആർ സി യൂണിറ്റ്<br>അധ്യാപകൻ, കുട്ടികൾ | പി ടി എ<br>ഇല്ല |

# ENGLISH

| AIMS | ACTIVITIES | DURATION | CHARGE | ECONOMIC SOURCE |
|---|---|---|---|---|
| To study alphabets | • PRE-TEST<br>• Write simple words | June - July | Teacher, Students | P T A |
| To study , write and read simple words | Circle the word from TB and read | August - September | Teacher, Students | Nil |
| Create more opportunities for English speaking in the class room | Class room communication should be in English, like May I drinks some water ? May I Go to bathroom ?<br>• Hello.<br>• Hello, everyone.<br>• Good morning.<br>• Good morning everyone.<br>• Good morning class.<br>• Good Afternoon everyone.<br>• How are you?<br>• How are you all?<br>• How are you today?<br>• Let me take attendance etc | Academic year | Teacher, Students, Parents | Nil |

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-26

# നാലാം ക്ലാസ്



| സമയക്രമം | ലക്ഷ്യം | പ്രവർത്തനങ്ങൾ | പിന്തുണാസംവിധാനം | അവതരണസന്ദർഭം |
|---|---|---|---|---|
| 2025 ജൂൺ | അക്ഷരങ്ങളും വാക്കുകളും തിരിച്ചറിയലും എഴുത്തും മെച്ചപ്പെടുത്തുക. | 1. മലയാളം അക്ഷരമാല പാട്ടായി പഠിക്കുക.<br>2. ലളിതമായ വാക്കുകൾ എഴുതാനും വായിക്കാനും പരിശീലിക്കുക (ഉദാ: അമ്മ, വീട്).<br>3. ഒരു ചിത്രം വരച്ച് അതിനെക്കുറിച്ച് 2 വാക്കുകൾ എഴുതുക. | അധ്യാപകന്റെ മാർഗനിർദേശം, അക്ഷരമാല ചാർട്ട്, പിന്നോക്ക വിദ്യാർത്ഥികൾക്ക് ദ്വിഭാഷാ വിശദീകരണം (മലയാളം-ഇംഗ്ലീഷ്), ക്ലാസ്റൂം. | ബോർഡിൽ അക്ഷരമാല എഴുതുക, വീടിന്റെ ചിത്രം വരയ്ക്കുക, കേരളത്തിലെ ദൈനംദിന ജീവിതവുമായി (ഉദാ: അമ്മ) ബന്ധപ്പെടുത്തുക. |
| 2025 ജൂലൈ | ലളിതമായ വാചകങ്ങൾ വായിക്കാനും എഴുതാനും പഠിക്കുക. | 1. ലളിതമായ വാചകങ്ങൾ വായിക്കുക (ഉദാ: ഞാൻ സ്കൂളിൽ പോകുന്നു).<br>2. 3 വാചകങ്ങൾ ഉള്ള ഒരു ചെറിയ കഥ എഴുതുക.<br>3. ഒരു ചിത്രം നോക്കി അതിനെക്കുറിച്ച് 2 വാചകങ്ങൾ പറയുക. | അധ്യാപകന്റെ പിന്തുണ, ചിത്ര പുസ്തകങ്ങൾ, പിന്നോക്ക വിദ്യാർത്ഥികൾക്ക് പിയർ പെയറിംഗ്, ക്ലാസ്റൂം. | ബോർഡിൽ വാചകങ്ങൾ എഴുതുക, കേരളത്തിലെ ഒരു ഗ്രാമം ചിത്രീകരിക്കുന്ന ചിത്രം ഉപയോഗിക്കുക, ദൈനംദിന ജീവിതവുമായി ബന്ധപ്പെടുത്തുക. |
| 2025 ഓഗസ്റ്റ് | കവിതകൾ ആസ്വദിക്കാനും ഉരുവിട്ടു പാടാനും പഠിക്കുക. | 1. ഒരു ലളിതമായ മലയാളം കവിത പഠിക്കുക (ഉദാ: "ചന്ദ്രന്റെ ചിരി").<br>2. കവിത ഉരുവിട്ടു പാടുകയും അതിന്റെ അർത്ഥം ചർച്ച ചെയ്യുക.<br>3. കവിതയിലെ 5 വാക്കുകൾ എഴുതി അവയുടെ അർത്ഥം പറയുക. | അധ്യാപകന്റെ മാർഗനിർദേശം, കവിതാ പുസ്തകം, പിന്നോക്ക വിദ്യാർത്ഥികൾക്ക് അധിക സമയം, ക്ലാസ്റൂം. | ബോർഡിൽ കവിത എഴുതുക, ചന്ദ്രന്റെ ചിത്രം ഉപയോഗിക്കുക, കേരളത്തിലെ ഓണം പോലുള്ള ആഘോഷങ്ങളുമായി ബന്ധപ്പെടുത്തുക. |
| 2025 സെപ്റ്റംബർ | അടിസ്ഥാന വ്യാകരണം മനസ്സിലാക്കുക (നാമം, ക്രിയ). | 1. നാമവും ക്രിയയും തിരിച്ചറിയുക (ഉദാ: "സീത പുസ്തകം വായിക്കുന്നു").<br>2. ഒരു വാചകത്തിൽ നിന്ന് നാമവും ക്രിയയും അടയാളപ്പെടുത്തുക.<br>3. 5 നാമവും 5 ക്രിയയും ഉപയോഗിച്ച് വാചകങ്ങൾ ഉണ്ടാക്കുക. | അധ്യാപകന്റെ പിന്തുണ, വ്യാകരണ ചാർട്ട്, പിന്നോക്ക വിദ്യാർത്ഥികൾക്ക് ലളിതമായ ജോലികൾ (ഉദാ: അടയാളപ്പെടുത്തൽ), ക്ലാസ്റൂം. | ബോർഡിൽ വാചകങ്ങൾ എഴുതുക, കേരളത്തിലെ ഒരു കുട്ടിയുടെ ദിനചര്യയുമായി ബന്ധപ്പെടുത്തുക, നിറങ്ങൾ ഉപയോഗിച്ച് നാമവും ക്രിയയും അടയാളപ്പെടുത്തുക. |

| | | | | |
|---|---|---|---|---|
| 2025 ഒക്ടോബർ | കഥകളോടുള്ള ഇഷ്ടം വളർത്തുകയും ആസ്വദിക്കുകയും ചെയ്യുക. | 1. ഒരു ലളിതമായ മലയാളം കഥ വായിക്കുക (ഉദാ: "കുയിലിന്റെ കഥ").<br>2. കഥയിലെ പ്രധാന കഥാപാത്രങ്ങളെക്കുറിച്ച് ചർച്ച ചെയ്യുക.<br>3. കഥയുടെ ഒരു ഭാഗം റോൾ പ്ലേ ആയി അവതരിപ്പിക്കുക. | അധ്യാപകന്റെ മാർഗനിർദേശം, കഥാ പുസ്തകം, പിന്നോക്ക വിദ്യാർത്ഥികൾക്ക് പിയർ പെയറിംഗ്, ക്ലാസ്റൂം. | ബോർഡിൽ കഥയുടെ ഒരു ഭാഗം എഴുതുക, കുയിലിന്റെ ചിത്രം ഉപയോഗിക്കുക, കേരളത്തിലെ ഗ്രാമീണ ജീവിതവുമായി ബന്ധപ്പെടുത്തുക. |
| 2025 നവംബർ | വിവരണ എഴുത്ത് പരിശീലിക്കുക. | 1. ഒരു ചിത്രം നോക്കി അതിനെക്കുറിച്ച് 5 വാചകങ്ങൾ എഴുതുക (ഉദാ: ഒരു തോട്ടം).<br>2. "എന്റെ വീട്" എന്ന വിഷയത്തിൽ 5 വാചകങ്ങൾ എഴുതുക.<br>3. ഒരു സുഹൃത്തിനെക്കുറിച്ച് 3 വാചകങ്ങൾ പറയുക. | അധ്യാപകന്റെ പിന്തുണ, ചിത്രങ്ങൾ, പിന്നോക്ക വിദ്യാർത്ഥികൾക്ക് ലളിതമായ ജോലികൾ (ഉദാ: വാമൊഴി വിവരണം), ക്ലാസ്റൂം. | ബോർഡിൽ ഒരു തോട്ടത്തിന്റെ ചിത്രം വരയ്ക്കുക, കേരളത്തിലെ ഒരു ഗ്രാമീണ വീടിന്റെ ചിത്രം ഉപയോഗിക്കുക, ദൈനംദിന ജീവിതവുമായി ബന്ധപ്പെടുത്തുക. |
| 2025 ഡിസംബർ | ലിംഗവും വചനവും മനസ്സിലാക്കുക. | 1. നാമങ്ങളുടെ ലിംഗവും വചനവും തിരിച്ചറിയുക (ഉദാ: പെൺകുട്ടി, പെൺകുട്ടികൾ).<br>2. 5 നാമങ്ങൾ എഴുതി അവയുടെ ലിംഗവും വചനവും അടയാളപ്പെടുത്തുക.<br>3. ഒരു വാചകത്തിൽ ലിംഗവും വചനവും മാറ്റി എഴുതുക. | അധ്യാപകന്റെ മാർഗനിർദേശം, വ്യാകരണ ചാർട്ട്, പിന്നോക്ക വിദ്യാർത്ഥികൾക്ക് അധിക സമയം, ക്ലാസ്റൂം. | ബോർഡിൽ ഉദാഹരണങ്ങൾ എഴുതുക, കേരളത്തിലെ ഒരു കുടുംബത്തിലെ അംഗങ്ങളെ ഉദാഹരണമാക്കുക, നിറങ്ങൾ ഉപയോഗിച്ച് ലിംഗവും വചനവും അടയാളപ്പെടുത്തുക. |
| 2026 ജനുവരി | നാടൻ പാട്ടുകളും ഐതിഹ്യങ്ങളും മനസ്സിലാക്കുക. | 1. ഒരു നാടൻ പാട്ട് പഠിക്കുക (ഉദാ: "വള്ളംകളി പാട്ട്").<br>2. പാട്ടിന്റെ അർത്ഥം ചർച്ച ചെയ്യുക.<br>3. ഒരു ഐതിഹ്യം കേൾക്കുകയും അതിനെക്കുറിച്ച് 3 | അധ്യാപകന്റെ പിന്തുണ, ഓഡിയോ റെക്കോർഡിംഗ്, പിന്നോക്ക വിദ്യാർത്ഥികൾക്ക് പിയർ പെയറിംഗ്, ക്ലാസ്റൂം. | ബോർഡിൽ പാട്ടിന്റെ വരികൾ എഴുതുക, വള്ളംകളിയുടെ ചിത്രം ഉപയോഗിക്കുക, കേരളത്തിലെ ആറന്മുള വള്ളംകളിയുമായി ബന്ധപ്പെടുത്തുക. |

| | | | | |
|---|---|---|---|---|
| | | വാചകങ്ങൾ എഴുതുക (ഉദാ: കേരളത്തിലെ ഒരു ഐതിഹ്യം). | | |
| 2026 ഫെബ്രുവരി | കത്തെഴുത്ത് പരിശീലിക്കുക. | 1. ഒരു സുഹൃത്തിന് ഒരു ലളിതമായ കത്ത് എഴുതുക (5 വാചകങ്ങൾ).<br>2. ഓണം ആഘോഷത്തെക്കുറിച്ച് ഒരു കത്ത് എഴുതുക.<br>3. കത്തിന്റെ ഘടന മനസ്സിലാക്കുക (ആമുഖം, ഉള്ളടക്കം, ഉപസംഹാരം). | അധ്യാപകന്റെ മാർഗനിർദേശം, കത്തിന്റെ മാതൃക, പിന്നോക്ക വിദ്യാർത്ഥികൾക്ക് ലളിതമായ ജോലികൾ (ഉദാ: ആമുഖം മാത്രം), ക്ലാസ്റൂം. | ബോർഡിൽ ഒരു കത്തിന്റെ മാതൃക എഴുതുക, ഓണത്തിന്റെ ചിത്രം ഉപയോഗിക്കുക, കേരളത്തിലെ ഓണം ആഘോഷവുമായി ബന്ധപ്പെടുത്തുക. |
| 2026 മാർച്ച് | സാഹിത്യാസ്വാദനവും സർഗാത്മകതയും വളർത്തുക. | 1. ഒരു ചെറുകഥ വായിച്ച് അതിന്റെ സന്ദേശം ചർച്ച ചെയ്യുക.<br>2. ഒരു ലളിതമായ കവിത 4 വരികൾ എഴുതുക (ഉദാ: "പുഴയെക്കുറിച്ച്").<br>3. കഥയിലെ ഒരു ഭാഗം ചിത്രമായി വരയ്ക്കുക. | അധ്യാപകന്റെ പിന്തുണ, കഥാ പുസ്തകം, പിന്നോക്ക വിദ്യാർത്ഥികൾക്ക് അധിക സമയം, ക്ലാസ്റൂം. | ബോർഡിൽ കവിതയുടെ വരികൾ എഴുതുക, പുഴയുടെ ചിത്രം ഉപയോഗിക്കുക, കേരളത്തിലെ പുഴകളുമായി (ഉദാ: പമ്പ) ബന്ധപ്പെടുത്തുക. |

| സമയക്രമം | ലക്ഷ്യം | പ്രവർത്തനങ്ങൾ | പിന്തുണാസംവിധാനം | അവതരണസന്ദർഭം |
|---|---|---|---|---|
| 2025 ജൂൺ | 1000 വരെയുള്ള സംഖ്യകൾ മനസ്സിലാക്കുകയും തിരിച്ചറിയുകയും ചെയ്യുക. | 1. 1000 വരെയുള്ള സംഖ്യകൾ എഴുതാനും വായിക്കാനും പരിശീലിക്കുക.<br>2. സ്കൂൾ മുറ്റത്ത് 100 മുതൽ 1000 വരെ സംഖ്യകൾ എഴുതിയ കാർഡുകൾ ഉപയോഗിച്ച് ഒരു ഗെയിം കളിക്കുക.<br>3. കടയിൽ നിന്ന് സാധനങ്ങൾ വാങ്ങുന്ന ഒരു റോൾ പ്ലേ (ഉദാ: ₹500-ന്റെ സാധനങ്ങൾ). | അധ്യാപകന്റെ മാർഗനിർദേശം, സംഖ്യാ കാർഡുകൾ, പിന്നോക്ക വിദ്യാർത്ഥികൾക്ക് ദ്വിഭാഷാ വിശദീകരണം (മലയാളം-ഇംഗ്ലീഷ്), ക്ലാസ്റൂം, സ്കൂൾ മുറ്റം. | ബോർഡിൽ 100 മുതൽ 1000 വരെ സംഖ്യകൾ എഴുതുക, യഥാർത്ഥ രൂപനോട്ടുകൾ ഉപയോഗിക്കുക, കേരളത്തിലെ കടകളിലെ വിലനിലവാരവുമായി ബന്ധപ്പെടുത്തുക. |
| 2025 ജൂലൈ | കൂട്ടലും കുറയ്ക്കലും ഉപയോഗിച്ച് പ്രശ്നങ്ങൾ പരിഹരിക്കുക. | 1. 3 അക്ക സംഖ്യകൾ കൂട്ടാനും കുറയ്ക്കാനും പരിശീലിക്കുക (ഉദാ: 345 + 127).<br>2. കുട്ടികൾക്ക് മിഠായി വിതരണം ചെയ്യുന്ന ഒരു റോൾ പ്ലേ (ഉദാ: 200 മിഠായി ഉണ്ട്, 150 വിതരണം ചെയ്തു).<br>3. ഒരു ചെറിയ കടയിൽ നിന്ന് സാധനങ്ങൾ വാങ്ങുന്നതിന്റെ ബില്ല് തയ്യാറാക്കുക. | അധ്യാപകന്റെ പിന്തുണ, മിഠായി പോലുള്ള യഥാർത്ഥ വസ്തുക്കൾ, പിന്നോക്ക വിദ്യാർത്ഥികൾക്ക് പിയർ പെയറിംഗ്, ക്ലാസ്റൂം. | ബോർഡിൽ കൂട്ടലും കുറയ്ക്കലും കാണിക്കുക, മിഠായി പോലുള്ള വസ്തുക്കൾ ഉപയോഗിക്കുക, കേരളത്തിലെ കുടുംബ ബജറ്റുമായി ബന്ധപ്പെടുത്തുക. |
| 2025 ഓഗസ്റ്റ് | ഗുണനവും ഹരണവും മനസ്സിലാക്കുക. | 1. 2 അക്ക സംഖ്യകളുടെ ഗുണനം പരിശീലിക്കുക (ഉദാ: 12 × 3).<br>2. ഒരു കുട്ടി 5 ദിവസം 4 മാമ്പഴം വീതം കഴിച്ചാൽ എത്ര മാമ്പഴം എന്ന് കണക്കുകൂട്ടുക. | അധ്യാപകന്റെ മാർഗനിർദേശം, ഗുണന പട്ടിക കാർഡുകൾ, പിന്നോക്ക വിദ്യാർത്ഥികൾക്ക് അധിക സമയം, ക്ലാസ്റൂം. | ബോർഡിൽ ഗുണന പട്ടിക എഴുതുക, മാമ്പഴം പോലുള്ള വസ്തുക്കൾ ഉപയോഗിക്കുക, കേരളത്തിൽ മാമ്പഴം വിളവെടുപ്പുമായി ബന്ധപ്പെടുത്തുക. |

| | | | | |
|---|---|---|---|---|
| | | 3. 20 വിദ്യാർത്ഥികൾക്ക് 4 പേർ വീതമുള്ള ഗ്രൂപ്പുകൾ ഉണ്ടാക്കുക (ഹരണം). | | |
| 2025 സെപ്റ്റംബർ | അടിസ്ഥാന ഭിന്നസംഖ്യകൾ മനസ്സിലാക്കുക. | 1. ഒരു പപ്പടം 4 തുല്യ ഭാഗങ്ങളായി മുറിക്കുക, 1/4 എന്താണെന്ന് മനസ്സിലാക്കുക.<br>2. ഒരു പേപ്പർ 2, 4 ഭാഗങ്ങളായി മടക്കി ഭിന്നസംഖ്യകൾ പഠിക്കുക.<br>3. ഓണസദ്യയിൽ 8 ഇലകൾ ഉണ്ടെങ്കിൽ 1/2 എന്താണെന്ന് കണ്ടെത്തുക. | അധ്യാപകന്റെ പിന്തുണ, പപ്പടം, പേപ്പർ എന്നിവ ഉപയോഗിക്കുക, പിന്നോക്ക വിദ്യാർത്ഥികൾക്ക് ലളിതമായ ജോലികൾ (ഉദാ: മടക്കൽ), ക്ലാസ്റൂം. | ബോർഡിൽ ഭിന്നസംഖ്യകൾ വരയ്ക്കുക, യഥാർത്ഥ പപ്പടം ഉപയോഗിക്കുക, കേരളത്തിലെ ഓണസദ്യയുമായി ബന്ധപ്പെടുത്തുക. |
| 2025 ഒക്ടോബർ | അടിസ്ഥാന ജ്യാമിതി ആകൃതികൾ തിരിച്ചറിയുക. | 1. വൃത്തം, ചതുരം, ത്രികോണം എന്നിവ വരയ്ക്കുകയും തിരിച്ചറിയുകയും ചെയ്യുക.<br>2. ഓണത്തിന് പൂക്കളം ഉണ്ടാക്കുന്നതിന്റെ ആകൃതികൾ നിരീക്ഷിക്കുക.<br>3. ഒരു പേപ്പർ ഉപയോഗിച്ച് വ്യത്യസ്ത ആകൃതികൾ മുറിച്ച് പഠിക്കുക. | അധ്യാപകന്റെ മാർഗനിർദേശം, ജ്യാമിതി ഉപകരണങ്ങൾ, പിന്നോക്ക വിദ്യാർത്ഥികൾക്ക് പിയർ പെയറിംഗ്, ക്ലാസ്റൂം. | ബോർഡിൽ ആകൃതികൾ വരയ്ക്കുക, പേപ്പർ മുറിച്ചുള്ള ആകൃതികൾ, കേരളത്തിലെ ഓണ പൂക്കളവുമായി ബന്ധപ്പെടുത്തുക. |
| 2025 നവംബർ | നീളം, ഭാരം, പരിമാണം എന്നിവ അളക്കുക. | 1. ഒരു റൂളർ ഉപയോഗിച്ച് പുസ്തകത്തിന്റെ നീളം അളക്കുക.<br>2. 1 കിലോ അരിയും 500 ഗ്രാം പച്ചക്കറിയും തൂക്കുക. | അധ്യാപകന്റെ പിന്തുണ, റൂളർ, തൂക്കം, ബക്കറ്റ്, പിന്നോക്ക വിദ്യാർത്ഥികൾക്ക് ലളിതമായ ജോലികൾ, ക്ലാസ്റൂം. | ബോർഡിൽ അളവുകൾ എഴുതുക, യഥാർത്ഥ റൂളർ, തൂക്കം എന്നിവ ഉപയോഗിക്കുക, കേരളത്തിലെ വീട്ടിലെ അളവുകളുമായി ബന്ധപ്പെടുത്തുക. |

| | | | | |
|---|---|---|---|---|
| | | 3. ഒരു ബക്കറ്റ് വെള്ളം അളന്ന് പരിമാണം മനസ്സിലാക്കുക (ഉദാ: 5 ലിറ്റർ). | | |
| 2025 ഡിസംബർ | സമയവും കലണ്ടറും മനസ്സിലാക്കുക. | 1. ഒരു ക്ലോക്ക് ഉപയോഗിച്ച് സമയം വായിക്കുക (ഉദാ: 3:00 PM).<br>2. ഒരു കലണ്ടറിൽ ജനുവരി മാസം നോക്കി ദിവസങ്ങൾ എണ്ണുക.<br>3. ഒരു ദിവസത്തെ സമയ ഷെഡ്യൂൾ തയ്യാറാക്കുക. | അധ്യാപകന്റെ മാർഗനിർദേശം, ക്ലോക്ക്, കലണ്ടർ, പിന്നോക്ക വിദ്യാർത്ഥികൾക്ക് അധിക സമയം, ക്ലാസ്റൂം. | ബോർഡിൽ ഒരു ക്ലോക്ക് വരയ്ക്കുക, യഥാർത്ഥ കലണ്ടർ ഉപയോഗിക്കുക, കേരളത്തിലെ ഒരു സാധാരണ ദിവസവുമായി ബന്ധപ്പെടുത്തുക. |
| 2026 ജനുവരി | രൂപനോട്ടുകളും നാണയങ്ങളും ഉപയോഗിച്ച് കണക്കുകൾ പരിശീലിക്കുക. | 1. ₹10, ₹20, ₹50 നോട്ടുകൾ ഉപയോഗിച്ച് കൂട്ടലും കുറയ്ക്കലും പരിശീലിക്കുക.<br>2. ഒരു കടയിൽ നിന്ന് സാധനങ്ങൾ വാങ്ങുന്ന റോൾ പ്ലേ (ഉദാ: ₹100-ന് സാധനം വാങ്ങി ബാക്കി കിട്ടുക).<br>3. 5 നോട്ടുകൾ എണ്ണി മൊത്തം തുക കണ്ടെത്തുക. | അധ്യാപകന്റെ പിന്തുണ, യഥാർത്ഥ നോട്ടുകൾ, നാണയങ്ങൾ, പിന്നോക്ക വിദ്യാർത്ഥികൾക്ക് പിയർ പെയറിംഗ്, ക്ലാസ്റൂം. | ബോർഡിൽ കണക്കുകൾ എഴുതുക, യഥാർത്ഥ നോട്ടുകൾ ഉപയോഗിക്കുക, കേരളത്തിലെ കടകളിലെ ഷോപ്പിംഗുമായി ബന്ധപ്പെടുത്തുക. |
| 2026 ഫെബ്രുവരി | ഡാറ്റ കൈകാര്യം ചെയ്യലും ചാർട്ടുകളും മനസ്സിലാക്കുക. | 1. ക്ലാസിലെ കുട്ടികളുടെ പ്രിയപ്പെട്ട പഴങ്ങൾ ശേഖരിക്കുക (ഉദാ: മാമ്പഴം, വാഴപ്പഴം).<br>2. ഒരു ലളിതമായ ബാർ ചാർട്ട് വരയ്ക്കുക.<br>3. ചാർട്ട് വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരം നൽകുക. | അധ്യാപകന്റെ മാർഗനിർദേശം, പേപ്പർ, പെൻസിൽ, പിന്നോക്ക വിദ്യാർത്ഥികൾക്ക് ലളിതമായ ജോലികൾ (ഉദാ: കളറിംഗ്), ക്ലാസ്റൂം. | ബോർഡിൽ ഒരു ബാർ ചാർട്ട് വരയ്ക്കുക, കേരളത്തിൽ ലഭ്യമായ പഴങ്ങളുമായി ബന്ധപ്പെടുത്തുക, ഡാറ്റയുടെ പ്രാധാന്യം വിശദീകരിക്കുക. |





| | | | | |
|---|---|---|---|---|
| 2026 മാർച്ച് | പാറ്റേണുകളും ശ്രേണികളും തിരിച്ചറിയുക. | 1. 2, 4, 6 പോലുള്ള ശ്രേണികൾ തിരിച്ചറിയുക.<br>2. പൂക്കളത്തിന്റെ പാറ്റേണുകൾ നിരീക്ഷിച്ച് ഒരു പാറ്റേൺ ഉണ്ടാക്കുക.<br>3. ഒരു ലളിതമായ സംഖ്യാ പാറ്റേൺ പൂർത്തിയാക്കുക (ഉദാ: 5, 10, 15, ___). | അധ്യാപകന്റെ പിന്തുണ, പേപ്പർ, പെൻസിൽ, പിന്നോക്ക വിദ്യാർത്ഥികൾക്ക് അധിക സമയം, ക്ലാസ്റൂം. | ബോർഡിൽ ശ്രേണികൾ എഴുതുക, പൂക്കളം പാറ്റേൺ വരയ്ക്കുക, കേരളത്തിലെ പരമ്പരാഗത ഡിസൈനുകളുമായി ബന്ധപ്പെടുത്തുക. |

| ENGLISH ASSEMBLY (LEARNING ENGLISH) | | | | |
|---|---|---|---|---|
| AIM | ACIVITY | TIME | CHARGE | FINANCE |
| Improving the ability to read,speak,and write english effectively | Assembly to be held twice a month(with complete control of the assembly given to the students) | Entire year | Class teacher | |
| **English theatre** | | | | |
| Nurturing creativity | Presenting english lessons in interactive forms such as skit dramas ,conversation,and story telling | Once in a month | Class teacher | |
| **English magazine** | | | | |
| Development of creative writing skill | Preparing a magazine every 4 months including the students writing | Once every four months | Class teacher | |
| **Reading corner** | | | | |
| Reading enrichment | Preparing a reading corner with books suitable for the students levels.<br>Organising reading sessions. | Once every two weeks | Class teacher | |
| **English wiki** | | | | |
| To improve the students english and help them to improve their vocabulary | During free time ,stories with subtitles are shown to the students using ict ,providing them the opportunity to read and listen at the same time | Entire year | Class teacher | |
| **English fest** | | | | |
| Reaching a level where one can speak and write english well(developing confidence in using the english language) | Reading and writing competition.presentations | Once every 6 months | Class teacher | |

**4. അറിയാം... അടുത്തറിയാം... (പരിസര പഠനം)**

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| പ്രകൃതി നടത്തം | നിരീക്ഷണം-അറിവ് നിർമ്മാണം. | ആവശ്യാനുസരണം | HM, CPTA | PTA |
| പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ. | | | | |
| ശാസ്ത്രമൂല | ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ. | വർഷം മുഴുവൻ | HM, SRG, ക്ലാസ് ടീച്ചർ | PTA, SSA |
| ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ, പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ. | | | | |
| ശാസ്ത്രയാത്ര | ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ-അന്വേഷണ ത്വര വളർത്തൽ. | ആവശ്യാനുസരണം | HM, SRG, CPTA, ക്ലാസ് ടീച്ചർ | PTA, രക്ഷിതാക്കൾ |
| വാന നിരീക്ഷണ കേന്ദ്രം, സയൻസ് പാർക്ക്, ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ, ഫോക്ക്‌ലോർ അക്കാദമി ഇവ സന്ദർശിക്കൽ. | | | | |
| ഭൂപടമൊരുക്കാം | ഭൂപട വായന, ഭൂപട രചന, സൂചിക | വർഷത്തിലൊന്ന് | SRG, ക്ലാസ് ടീച്ചർ | PTA |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| | പരിചയപ്പെടൽ, സൂചികാ നിർമ്മാണം, കളങ്ങൾ ഉപയോഗിക്കൽ. | | | |
| കേരളം - ഇന്ത്യ- ഭൂപട വായന. | | | | |
| ശാസ്ത്ര വിസ്മയ ചുമർ | ശാസ്ത്ര പഠനം രസകരമാക്കൽ. | ആവശ്യാനുസരണം | SRG, ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ. | | | | |
| ശാസ്ത്രോത്സവം | ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം. | വർഷത്തിലൊരിക്കൽ | HM, SRG, ക്ലാസ് ടീച്ചർ | PTA |
| പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം (പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം). | | | | |
| ശാസ്ത്രമാസിക | അറിവുകളുടെ രചന. | വർഷത്തിലൊന്ന് | HM, SRG, ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ ശാസ്ത്ര മാസികകളുടെ നിർമ്മാണം. | | | | |

# ARABIC ACADEMIC MASTER PLAN

## ATAM ALP SCHOOL POOVATTUPARAMBA

| ക്രമ നമ്പർ | കാര്യക്രമം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | **അറബിക് മധുരം:**<br><br>ലക്ഷ്യം: അറബിക് ഭാഷയിൽ പിന്നോക്കം നില്ക്കുന്ന കുട്ടികളെ പരിപോഷിക്കുവാനുള്ള പ്രത്യേക പരിപാടി | **എഴുത്ത്, വായന:**<br><br>* ടെസ്റ്റ് നടത്തി പിന്നോക്കം നില്ക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു.<br><br>* അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്ന കുട്ടികൾക്ക് കമ്പ്യൂട്ടറിലെ പൈന്റിൽ അക്ഷരങ്ങൾ നല്കി കുട്ടികൾ നിറം നല്കുക<br><br>* പ്രത്യേകം തെയ്യാറാക്കിയ മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ നിശ്ചിത സമയത്ത് ''അറബിക് മധുരം'' ക്ലാസ് നല്കുക | 2 മാസം | പുസ്തകങ്ങൾ<br><br>കമ്പ്യൂട്ടർ | ബി.ആർ.സി<br><br>ഡയറ്റ്<br><br>പൂർവ്വ വിദ്യാർത്ഥികൾ |

| | | | | | |
|---|---|---|---|---|---|
| 2 | **വായനാ ലോകം**<br><br>ലക്ഷ്യം:<br><br>* കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ട് വരൽ<br><br>* നല്ല വായനക്കാരനാക്കുക | **1. തെരഞ്ഞെടുത്ത ലളിതമായ അറബിക് പുസ്തക ശേഖരം (അറബിക് ലൈബ്രറി)**<br><br>പുസ്തകങ്ങൾ:<br><br>* ചിത്ര കഥ (അറബിക്)<br>* കഥ പുസ്തകം (അറബിക്)<br>* കുട്ടിക്കവിതകൾ (അറബിക്)<br>* ചെറിയ വിവരണ ബുക്കുകൾ (അറബിക്)<br>* അറബിക് ക്വിസ്<br><br>**2. ക്ലാസ്സ് വായന:**<br><br>ഓരോ അറബിക് പിരീഡിലും ആദ്യ അഞ്ച് മിനുട്ടിൽ ഒരാൾ ഒരു ബുക്കിന്റെ ഒരു പേജ് ഉറക്കെ വായിക്കുക | 6 മാസം | സ്കൂൾ ലൈബ്രറി<br><br>ക്ലാസ്സ് ലൈബ്രറി<br><br>പുസ്തകങ്ങൾ | **സമാഹരണം:**<br><br>• അറബിക് അദ്ധ്യാപകർ<br>• റിട്ടയർ ചെയ്ത നാട്ടിലെ അറബി ഭാഷ അദ്ധ്യാപകർ<br>• ഭാഷാ സ്നേഹികൾ<br>• നാട്ടിലെ അറബി രാജ്യങ്ങളിൽ ജോലി ചെയ്യുന്നവർ<br>• ഓരോ കുട്ടി ഓരോ ബുക്ക് സംഭാവന ചെയ്യൽ<br>• സ്പോൺസർഷിപ്പിലൂടെ പണം സമാഹരിക്കൽ<br>• സർക്കാർ ഫണ്ട് |

| | | | | | |
|---|---|---|---|---|---|
| 3 | **ആസ്വാദന ലോകം** | **1. ആസ്വാദന സഭ:**<br>• പാടാനും പറയാനും കഴിയുന്ന മികച്ച പ്രതിഭകളെ കണ്ടെത്തി മറ്റുള്ള കുട്ടികളെ ആസ്വദിപ്പിക്കുവാനും ശ്രവിക്കാനും അവസരം സൃഷ്ടിക്കുവാൻ രണ്ടാഴ്ചയിലൊരിക്കൽ അസ്വാദന സഭ ചേരുക<br>• ഒരിക്കൽ അവതരിപ്പിച്ച വിദ്യാർത്ഥികൾ അടുത്ത സഭയിൽ അസ്വാദകരാവണം<br><br>**2. കാഴ്ചയും കേൾവിയും:**<br>നേരത്തെ ഡൗൺലോഡ് ചെയ്തെടുത്ത മികച്ച അറബിക് കഥകളും പാട്ടുകളും ഷോർട്ട് ഫിലിമുകളും എൽ.സി.ഡി പ്രോജക്റ്ററിന്റെ സഹായത്തോടെ കാണാനുള്ള അവസരം ഒരുക്കൽ<br><br>**ഉദാഹരണം**:<br>കഥകൾ, ഗുണപാഠ കഥകൾ<br>ആനിമേഷൻ വീഡിയോകൾ<br>ധാർമിക കഥകൾ<br>ഡോക്യൂമെന്ററികൾ | 6 മാസം | സ്കൂൾ ഹാൾ<br><br>ലാംഗ്വേജ് ലാബ്<br><br>എൽ.സി.ഡി<br><br>കമ്പ്യൂട്ടർ | |

| | | | | | |
|---|---|---|---|---|---|
| 4 | **അനുഭവ ലോകം**<br><br>(അറബിക് ലാംഗ്വേജ് ലാബ്) | വിദേശ ഭാഷ പഠനം ഏറ്റവും സാധ്യമാവുക ഭാഷാന്തരീക്ഷം സൃഷ്ടിക്കുമ്പോഴാണ്, അതിനാൽ അറബി ഭാഷാ പഠനത്തിനു ലാംഗ്വേജ് ലാബ് ഉപയോഗപ്പെടുത്തുന്നു.<br><br>* തനതായ അറബി ഭാഷാ കേൾക്കാനും അനുഭവിക്കാനും ഉതകുന്ന വീഡിയോകൾ കേൾക്കാനും കാണാനും സൗകര്യം ഉണ്ടാക്കുക. | 1 മാസം | എൽ.സി.ഡി<br><br>കമ്പ്യൂട്ടർ<br><br>ലാംഗ്വേജ് ലാബ് | |
| 5 | **പദപരിചയം**<br><br>ലക്ഷ്യം: അറബി പദ സമ്പത്ത് വർദ്ധിപ്പിക്കൽ | **ഒരു പദം പരിചയപ്പെടൽ:**<br><br>അറബിക് അധ്യാപകന്റെ മേൽനോട്ടത്തിൽ എല്ലാ ദിവസവും രാവിലെ | 1 വർഷം | മൈക്ക് | |

| | | | | | |
|---|---|---|---|---|---|
| | | പ്രാർത്ഥനക്കു ശേഷം മുതിർന്ന ക്ലാസ്സിലെ ഓരു വിദ്യാർത്ഥി ക്ലാസ്സ് നമ്പർ അനുസരിച്ച് ഒരു അറബി പദം മൈക്കിലൂടെ അറബിയിൽ പരിചയപ്പെടുത്തുന്നു.<br><br>പ്രസ്തുത പദം അറബിക് നോട്ടിസ് ബോർഡിൽ പതിക്കുക..<br><br>എല്ലാ വിദ്യാർത്ഥികളും എഴുതിയെടുക്കുകയും മാസത്തിലൊരിക്കൽ ചെറിയ രൂപത്തിൽ വിലയിരുത്തൽ നടത്തുന്നു.<br><br>മികച്ചു നില്ക്കുന്ന വിദ്യാർത്ഥികൾക്ക് സമ്മാനം നല്കി പ്രോത്സാഹനം നല്കുന്നു | | | |
| 6 | **അറബിക് അസംബ്ലി** | ആഴ്ചയിൽ ഒരു ദിവസം അറബിക് അസംബ്ലി സംഘടിപ്പിക്കുക | 1 വർഷം | | |

| | | | | | |
|---|---|---|---|---|---|
| | | ചെറിയ വാർത്തകൾ അറബിയിൽ വായിക്കുക<br><br>ചെറിയ അറബിക് കുറിപ്പുകൾ വായിക്കുക<br><br>പുസ്തകം പരിചയപ്പെടുത്തൽ | | | |
| 7 | **അറബിക് ഫെസ്റ്റ്** | അറബിക് ദിനത്തിലോ അല്ലതെയോ ഒരു ഹാഫ് ഡേ അറബിക് ഫെസ്റ്റ് നടത്തുക<br><br>**കാര്യപരിപാടികൾ:**<br>• ഉത്ഘാടനം<br>• ആദരിക്കൽ (ഇത് വരെ സ്കൂളില നടത്തിയ അറബിക് മത്സരങ്ങളുടെ സമ്മാനദാന ചടങ്ങ്)<br>• മികച്ച അറബിക് കലാ അവതരണം | | സ്കൂൾ ഹാൾ<br><br>പുസ്തകങ്ങൾ<br><br>സമ്മാനങ്ങൾ | പൂർവ്വ വിദ്യാർത്ഥികൾ<br><br>ഭാഷാ സ്നേഹികൾ<br><br>അറബി ഭാഷാ പഠിതാക്കൾ |

| | | | | | |
|---|---|---|---|---|---|
| | | • തെരഞ്ഞെടുത്ത അറബിക് ഡോക്യുമെന്ററി/ ആനിമേഷൻ പ്രദർഷനം<br>• അറബിക് എക്സിബിഷൻ (അറബിക് ഭാഷാ ചരിത്രം, വികാസം, പ്രാധാന്യം, ഉപരി പത്തനം, ജോലി സാധ്യത, ഭാഷാ സൗന്ദര്യം, അറബിക് കാലിഗ്രാഫി) | | | |
| 8 | **സ്കൂൾ വാർഷികം** | സ്കൂൾ വാർഷികത്തിൽ അറബിക് നാടകം/ ചിത്രീകരണം/ മോണോ ആക്റ്റ്/ വാർത്ത വായന തുടങ്ങിയ ഇനങ്ങൾ പ്രാക്റ്റീസ് നൽകി അവതരിപ്പിക്കൽ | | സ്കൂൾ കെട്ടിടം | പൂർവ്വ വിദ്യാർത്ഥികൾ<br><br>ഭാഷാ സ്നേഹികൾ<br><br>അറബി ഭാഷാ പഠിതാക്കൾ |
| 9 | **നല്ല എഴുത്ത്**<br><br>ലക്ഷ്യം: കുട്ടികളുടെ കയ്യെഴുത്ത് മെച്ചപ്പെടുത്തൽ | * അറബി ഭാഷയിടെ തനതായ സൗന്ദര്യ എഴുത്ത് (നസ്ഖി, രിഖഇ) എഴുത്തുകളാണ്.<br><br>* ഓരോ കുട്ടികള്ക്കും പ്രത്യേക വർക്ക്ഷീറ്റുകളും കോപ്പികളും നല്കി പരിശീലനം നല്കൽ | 1 വർഷം | പുസ്തകങ്ങൾ | |

| | | | | | |
|---|---|---|---|---|---|
| | | * വർഷത്തിൽ ഒരിക്കൽ കയ്യെഴുത്ത് മാഗസിൻ തയ്യാറാക്കുക | | | |
| 11 | **എഴുത്തിന്റെ ലോകം:** | • ക്ലാസ്സ് മാസിക നിർമ്മാണം<br>• ചുമർ പത്രിക നിർമ്മാണം<br>• വായനാ കാർഡ് നിർമ്മാണം | | ചാർട്ട്<br><br>കളർ | |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 12 | **മത്സരങ്ങളുടെ ലോകം:** | മുഴുവൻ വിദ്യാർത്ഥികളിലെയും വ്യത്യസ്ഥ കഴിവുകളെ പരിപോഷിക്കുന്നതിനു (അറബിക്) മത്സരങ്ങൾ സംഘടിപ്പിക്കുക, ഉദാഹരണം:<br>1. ക്വിസ്<br>2. പദ നിർമ്മാണം<br>3. കഥ പറയൽ<br>4. കവിത ചൊല്ലൽ<br>5. പദപ്രശ്നം<br>6. കളറിങ്ങ്<br>7. മെമ്മറി ടെസ്റ്റ്<br>8. ഗദ്യ വായന<br>9. ആംഗ്യ ഗാനം<br>10. ഖുർആൻ പാരായനം<br>11. പദപ്പയറ്റ്<br>12. പസിൾസ് | | | |
| 13 | **ദിനാചരണങ്ങൾ:** | സ്കൂളിൽ നടക്കുന്ന ദിനാചരണങ്ങളിൽ അദ്ധ്യാപകന്റെ സഹായത്തോടെ കുട്ടികൾ ചാർട്ടിൽ പോസ്റ്റർ നിർമ്മിക്കുന്നു<br>• നേരത്തെ | 1 വർഷം | | |

| | | | | | |
|---|---|---|---|---|---|
| | | നിശ്ചയിച്ചതനുസരിച്ച് ഓരോ ദിനങ്ങൾക്കുമുള്ള പോസ്റ്ററുകൾ നിർമ്മിക്കുന്നു (ഗ്രൂപ്പ് പ്രവർത്തനം) | | | |